
# മാർ തോമസ് തറയിൽ
## തലമുറകൾക്കു പ്രചോദനമായ വ്യക്തിത്വം



ഇതളുകളെ നോവിക്കാതെ പൂവിൽനിന്നും തേൻ നുകരുന്ന ചിത്രശലഭം പോലെയായിരുന്നു മാർ തോമസ് തറയിൽ. ദൈവത്തിൽനിന്നും പ്രപഞ്ചത്തിൽനിന്നും വിശുദ്ധിയും വിജ്ഞാനവും സ്വന്തമാക്കിയ ഈ യോഗീവര്യൻ അവ മുഴുവൻ ദൈവജനത്തിനു കൈമാറി. അഭിജാതമായ വ്യക്തിത്വം നല്കുന്ന മാന്യതയും മാർദ്ദവവും പിതാവിന്റെ ഓരോ ചലനങ്ങളിലുമുണ്ടായിരുന്നു.

മുമ്പേ പറക്കുന്ന പക്ഷിയെപ്പോലെ കാലത്തിന് മുമ്പേ നടന്ന കർമ്മയോഗിയായിരുന്നു തറയിൽ പിതാവ്. പഴയ കാലത്തിന്റെ പാരമ്പര്യത്തിൽ ജനിച്ചു, അതിന്റെ അടരുകളിൽ വളർന്നു, വ്യവസ്ഥാപിത ചട്ടക്കൂട്ടിൽ ഭരണം നിർവ്വഹിച്ചപ്പോഴും പുതിയ കാലത്തിന്റെ സ്പന്ദനങ്ങൾ പിതാവിന്റെ ചിന്തയിലും പ്രവർത്തനങ്ങളിലും നിറഞ്ഞിരുന്നു. ജീവിതസായാഹ്നത്തിൽപ്പോലും മനസ്സിൽ യൗവ്വനത്തിന്റെ തെളിമയും നവോന്മേഷശാലീനത്വവുമുണ്ടായിരുന്നു. 1951 മുതൽ 1971 വരെയുള്ള തറയിൽപ്പിതാവിന്റെ ഭരണകാലം കോട്ടയം രൂപതയുടെ സുവർണ്ണകാലം ആയിരുന്നുവെന്നു പറയാം.

കൈപ്പുഴയിലെ പുരാതന പ്രശസ്തമായ തറയിൽ കുടുംബത്തിലെ ഷെവലിയർ ജേക്കബിന്റെയും മറിയത്തിന്റെയും മകനായി 1899 മെയ് അഞ്ചിനു തൊമ്മിക്കുഞ്ഞു ജനിച്ചു. അസാധാരണമായ ബുദ്ധിവൈഭവം നന്നെ ചെറുപ്പത്തിൽത്തന്നെ ഈ ബാലൻ പ്രകടിപ്പിച്ചിരുന്നു. കൈപ്പുഴയിലും കിടങ്ങൂരുമായി പ്രാഥമികവിദ്യാഭ്യാസം നടത്തിയശേഷം ഹൈസ്കൂൾ പഠനത്തിനായി കോട്ടയം എം.ടി. സ്കൂളിൽ ചേർന്നു. പിന്നീടു മംഗലാപുരം ഹൈസ്കൂളിൽ രണ്ടുവർഷം പഠിച്ച് സ്കൂൾ ഫൈനൽ പാസ്സായി.

തുടർന്നു സെമിനാരിയിൽ ചേരുവാൻ ഇദ്ദേഹം തീരുമാനിച്ചു. കോട്ടയത്തും മംഗലാപുരത്തും റോമിലുമായി വൈദികപഠനം പൂർത്തിയാക്കിയതിനെത്തുടർന്നു 1926 ഡിസംബർ 18-ാം തീയതി റോമിൽവച്ചു വൈദികപട്ടം സ്വീകരിക്കുകയും ഡിസംബർ 27-ാം തീയതി പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾ കൂടി തത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾക്കായി റോമിൽ ചെലവഴിച്ച അദ്ദേഹം പി.എച്ച്.ഡി, ഡി.ഡി. ബിരുദങ്ങൾ നേടി. നാട്ടിൽ തിരിച്ചെത്തിയ ഫാ. തോമസ് തറയിൽ, ചൂളപ്പറമ്പിൽ പിതാവിന്റെ നിർദ്ദേശമനുസരിച്ച് കൽക്കട്ട യൂണിവേഴ്സിറ്റിയിൽ ചേർന്നു ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദം നേടി. പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ ഉടൻ ഇദ്ദേഹത്തെ തിരുഹൃദയക്കുന്നു ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി നിയമിച്ചു. ഈ ജോലി ഭംഗിയായി നിർവ്വഹിച്ചുവരവേ 1945 ജൂൺ ഒമ്പതാംതീയതി 12-ാം പീയൂസ് പാപ്പാ ഫാ. തോമസ് തറയിലിനെ കോട്ടയം രൂപതയുടെ കോ-അഡ്ജത്തോർ മെത്രാനായി നിയമിച്ചു. 1945 ഒക്ടോബർ ഏഴാം തീയതി ക്രിസ്തുരാജ കത്തീഡ്രലിൽ ചൂളപ്പറമ്പിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മെത്രാഭിഷേകകർമ്മം നടന്നു. ഏതാണ്ടു ആറു വർഷക്കാലം സഹായമെത്രാനായി ജോലി ചെയ്ത മാർ തോമസ് തറയിൽ 1951 ജനുവരി എട്ടാം തീയതി ചൂളപ്പറമ്പിൽ പിതാവു കാലം ചെയ്തപ്പോൾ കോട്ടയം രൂപതയുടെ മെത്രാനായി ഭരണം ഏറ്റെടുത്തു.

ഇരുത്തംവന്ന ഭരണകർത്താവെന്ന നിലയിൽ സമകാലീനരും സഹപ്രവർത്തകരും തറയിൽ പിതാവിനെ ആദരിച്ചിരുന്നു. ഭരണവിജയത്തിന്റെ രഹസ്യങ്ങൾ അനവധിയുണ്ട്. ജീവിതത്തോടും പ്രവർത്തനമേഖലകളോടും പിതാവു പുലർത്തിയ കറതീർന്ന ആത്മാർത്ഥതയും സത്യസന്ധതയും എല്ലാവരും ഒരുപോലെ അംഗീകരിച്ചിരുന്നു. ഒരു ദിവസം ഉണരുന്നതുമുതൽ കിടക്കുന്നതുവരെ എല്ലാക്കാര്യങ്ങളിലും കർശനമായ ക്രമവും ചിട്ടയും പിതാവു പാലിച്ചിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ പുലർത്തിയ കടുംപിടുത്തം ചിലർക്കു അരോചകത്വം ഉളവാക്കിയെങ്കിലും ബാലാരിഷ്ടതകൾ വിട്ടുമാറാത്ത രൂപതയ്ക്കു അവ ആവശ്യമാണെന്ന ബോധ്യം പിതാവിനുണ്ടായിരുന്നു. ആറ്റിൽ കളഞ്ഞാലും അളന്നു കളയണമെന്നു പിതാവു പറയുമായിരുന്നു. ഇതിന്റെ പിന്നിലുള്ള

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

ആർജ്ജവഭാവവും (Straightforwardness) സരളതയും തറയിൽപിതാവിന്റെ വ്യക്തിത്വത്തിനു അസാധാരണമായ തിളക്കം നല്കിയിരുന്നു. കയ്യടികൾക്കായി മൂടുപടമിടാൻ ഒരിക്കലും അദ്ദേഹം തയ്യാറായില്ല. അജപാലനപരമോ സാമൂഹികമോ നൈയാമികമോ ആയ ഏതു പ്രശ്നത്തിലാണെങ്കിലും ഒരിക്കൽ തീരുമാനമെടുത്താൽ സമ്മർദ്ദങ്ങളുടെയോ വ്യക്തിതാല്പര്യങ്ങളുടെയോ പേരിൽ അതിൽനിന്നും പിതാവു അയയുമായിരുന്നില്ല. പക്ഷേ, പറയുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും ബോദ്ധ്യമാകുന്ന പ്രത്യേക സന്ദർഭങ്ങളിൽ ആർദ്രഹൃദയനാകുവാനും പിതാവിനു കഴിയുമായിരുന്നു. തന്നോടു കാർക്കശ്യവും മറ്റുള്ളവരോടു ഔദാര്യവും കാണിക്കുക (Be strict to oneself and liberal to others) മഹിതമായ വ്യക്തിത്വത്തിന്റെ ലക്ഷണമാണല്ലോ.

തറയിൽപിതാവ് പൂർണ്ണതയുള്ള ഒരു പ്രബോധകനായിരുന്നു. അദ്ദേഹത്തിന്റെ അഗാധമായ ബുദ്ധിശക്തിയും പാണ്ഡിത്യവും സഭാമണ്ഡലത്തിനു പുറത്തും ആദരിക്കപ്പെട്ടിരുന്നു. ദിവസത്തിൽ കുറെ മണിക്കൂറുകളെങ്കിലും വായനയ്ക്കായി പിതാവു നീക്കിവച്ചിരുന്നു. ദൈവജനത്തെ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുകയെന്ന മെത്രാന്റെ പരമപ്രധാനമായ കടമ തികഞ്ഞ ആത്മാർത്ഥതയോടെയാണ് അദ്ദേഹം നിർവഹിച്ചിരുന്നത്. വാചാലങ്ങളായിരുന്നില്ല പ്രസംഗങ്ങൾ. പക്ഷേ, ചിന്തകളെ തട്ടിയുണർത്തുന്നവയായിരുന്നു. ഞായറാഴ്ച ചില പ്രത്യേക സാഹചര്യങ്ങളിൽ കുർബ്ബാനയിൽ പങ്കെടുക്കാൻ രണ്ടോ മൂന്നോ വ്യക്തികളേയുള്ളെങ്കിലും പിതാവു വചനം പ്രഘോഷിക്കും. പ്രബോധകന്റെ തീക്ഷ്ണതയാണത്. ജൂൺമാസത്തിൽ തിരുഹൃദയക്കുന്നിൽ താമസിച്ചു എല്ലാ ദിവസവും രാവിലെ അരമണിക്കൂർ വീതം വൈദികവിദ്യാർത്ഥികളെ ധ്യാനിപ്പിക്കുന്നതു മുടക്കുകയില്ലായിരുന്നു.

തറയിൽപിതാവു തയ്യാറാക്കിയ ഇടയലേഖനങ്ങൾ സൂക്ഷ്മമായി വായിച്ചാൽ പ്രബോധകനായ പിതാവിനോടു ആർക്കും ബഹുമാനമുണ്ടാകും. ഇടയലേഖനങ്ങളിലെ ഓരോ വാക്കിലും പരിശുദ്ധാത്മാവിന്റെ സവിശേഷമായ നിവേശനം നമുക്കു തിരിച്ചറിയാൻ കഴിയും. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്ന വിഷയങ്ങളെല്ലാംതന്നെ പിതാവു തന്റെ ഇടയലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉപഭോഗ സംസ്കാരത്തെക്കുറിച്ചും എക്യുമെനിസത്തെക്കുറിച്ചും നവസുവിശേഷവത്ക്കരണത്തെക്കുറിച്ചുമൊക്കെ സഭയും സമൂഹവുമൊക്കെ ചിന്തിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നതിനു നാളുകൾക്കു മുമ്പേ ഇക്കാര്യങ്ങൾ തന്റെ ഇടയലേഖനങ്ങളിലൂടെ ദൈവജനത്തെ പിതാവു അറിയിച്ചിരുന്നു. ശരിയായ ദിശയിലൂടെ ദൈവത്തിലേക്കും മനുഷ്യരിലേക്കും തന്റെ മക്കൾ നടന്നുനീങ്ങണമെന്നു പിതാവു ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നുവെന്നു നാം മനസ്സിലാക്കണം.

വിദ്യാഭ്യാസരംഗത്തു തറയിൽപിതാവു നടത്തിയ മഹത്തായ സേവനങ്ങൾ എന്നും പ്രകീർത്തിക്കപ്പെടും. ഏതാണ്ടു പതിനേഴു വർഷം പ്രധാനാദ്ധ്യാപകനായിരുന്ന അദ്ദേഹം, അകക്കണ്ണു തുറക്കാൻ കുട്ടികളെ സഹായിച്ചിരുന്ന ഗുരുവായിരുന്നു. കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വളരെ വിശേഷമായ പഠനരീതികളാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. പരീക്ഷകളിൽ ഉയർന്ന വിജയം നേടുന്നതോടൊപ്പം നല്ല പെരുമാറ്റശൈലിയും സാമാന്യ മര്യാദകളും സ്വഭാവശുദ്ധിയും വളർത്തുവാനുതകുന്ന മോറൽ ക്ലാസ്സുകളും തറയിലച്ചൻ നല്കിയിരുന്നു. അദ്ധ്യാപനം വെറും ഒരു പ്രൊഫഷൻ അല്ലെന്നും ഒരു ശുശ്രൂഷയാണെന്നും (Ministry) സ്വജീവിതത്തിലൂടെ അദ്ദേഹം തെളിയിച്ചു.

പ്രഗത്ഭനായ വിദ്യാഭ്യാസവിചക്ഷണനെ മെത്രാനായി ലഭിച്ചത് കോട്ടയം രൂപതയ്ക്കും കേരളസഭയ്ക്കും അനുഗ്രഹമായി. ഇന്നു കോട്ടയം പട്ടണത്തിനു തിലകക്കുറിയായി വിരാജിക്കുന്ന ബി.സി.എം. കോളേജും മദ്ധ്യകേരളത്തിലെ പ്രമുഖ കലാലയങ്ങളിലൊന്നായ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജും തറയിൽ പിതാവിന്റെ മനസ്സിൽ വിടർന്ന അനശ്വരപുഷ്പങ്ങളാണ്. കോളേജുകളിൽ പ്രീഡിഗ്രിക്കു അഡ്മിഷൻ എളുപ്പമല്ലാത്ത ഒരു കാലം ഉണ്ടാകുമെന്നു ക്രാന്തദർശിയായ പിതാവു തിരിച്ചറിഞ്ഞിരുന്നു. ഈ രണ്ടു കോളേജുകളിൽ മാനേജ്മെന്റ് ക്വോട്ടയിൽ അഡ്മിഷൻ വാങ്ങി പ്രീഡിഗ്രി പഠിക്കുകയും പിന്നീടു തറയിൽ പിതാവുതന്നെ ആരംഭിച്ച കാരിത്താസ് നേഴ്സിംഗ് സ്കൂളിൽ നേഴ്സിംഗ് പഠിക്കുകയും ചെയ്ത പെൺകുട്ടികളാണ് വിദേശങ്ങളിൽ ജോലി വാങ്ങി ക്നാനായ കുടുംബങ്ങളെ സാമ്പത്തികമേഖലയിൽ കൈപിടിച്ചുയർത്തിയതെന്നതു അലിഖിതമായ ഒരു ചരിത്രസത്യമാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തിയതിനേക്കാൾ വിദ്യാഭ്യാസരംഗത്തു പാലിക്കപ്പെടേണ്ട സനാതനമൂല്യങ്ങൾക്കായി തറയിൽ പിതാവു നടത്തിയ സാഹസികസമരങ്ങളാണ് സമൂഹം കൂടുതൽ ശ്രദ്ധിച്ചത്. 1946-ൽ സർ സി.പി. പള്ളിക്കൂടങ്ങൾ മുഴുവൻ ഗവണ്മെന്റിന്റെ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും 1957-ൽ സഭയുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസബിൽ കമ്മ്യൂണിസ്റ്റുമന്ത്രിസഭ കൊണ്ടുവന്നപ്പോഴും 1968-ൽ സ്വകാര്യമേഖലയിലെ കോളേജുകൾ ഗവണ്മെന്റിനു ഏറ്റെടുക്കാനാവുംവിധം കേരള സർവ്വകലാശാലബിൽ രൂപംകൊണ്ടപ്പോഴും 1972-ൽ സഭയുടെ വിദ്യാഭ്യാസാവകാശങ്ങൾക്കു കടിഞ്ഞാണിടുന്ന തരത്തിൽ വിദ്യാഭ്യാസപരിഷ്കരണത്തിനുള്ള ശ്രമങ്ങൾ ഉണ്ടായപ്പോഴും സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി തറയിൽപിതാവു നല്കിയ നേതൃത്വം ചരിത്രബോധമുള്ള സഭാതനയർ ഒരിക്കലും മറക്കുകയില്ല.

മാർ തോമസ് തറയിൽ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. ആഴമേറിയ ദൈവാനുഭവമായിരുന്നു പിതാവിന്റെ പ്രവർത്തനങ്ങൾക്കെല്ലാം ശക്തിയും ചൈതന്യവും പകർന്നിരുന്നത്. ജപമാല, കാനോന നമസ്കാരം തുടങ്ങിയ ഔദ്യോഗിക പ്രാർത്ഥനകൾ പിതാവ് ഒരു കാരണവശാലും

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

മുടക്കിയിരുന്നില്ല. അതോടൊപ്പം ആത്മാവിൽ ആനന്ദിക്കുന്ന മാനസികപ്രാർത്ഥന അദ്ദേഹത്തിനു ഏറെ പ്രിയംകരമായിരുന്നു. രാത്രിയിൽ ലോകം മുഴുവൻ ഉറങ്ങുമ്പോഴും പിതാവു ദിവ്യകാരുണ്യസന്നിധിയിലിരുന്നു ആരാധിക്കുമായിരുന്നു. തറയിൽപിതാവു തീക്ഷ്ണതയേറിയ തിരുഹൃദയഭക്തനായിരുന്നു. ജൂൺമാസം മുഴുവൻ ധ്യാനവും പ്രാർത്ഥനയുമായി തിരുഹൃദയക്കുന്നിൽ ചെലവഴിക്കുന്ന ഒരു പതിവു പിതാവിനുണ്ടായിരുന്നു. പിതാവു ഒരു മരിയഭക്തനായിരുന്നു. ക്രിസ്തുദർശനത്തോടും സഭാദർശനത്തോടും ബന്ധപ്പെടുത്തി പിതാവു മരിയഭക്തിയെ പ്രചരിപ്പിച്ചു. യാത്രയിലാണെങ്കിലും കാറിലിരുന്നുകൊന്ത ചൊല്ലുമായിരുന്നുവെന്നു പിതാവിന്റെകൂടെ ജോലി ചെയ്തിരുന്ന വൈദികർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദിവ്യകാരുണ്യത്തിലധിഷ്ഠിതമായ ഒരു ആദ്ധ്യാത്മികതയാണ് പിതാവ് നയിച്ചിരുന്നത്. ദിവ്യകാരുണ്യത്തിന്റെ മുമ്പിലിരുന്നുള്ള പ്രാർത്ഥനയിലാണ് പ്രധാന തീരുമാനങ്ങളെല്ലാം എടുത്തിരുന്നത്.

തറയിൽപിതാവിന്റെ ഭരണകാലത്തു കോട്ടയം രൂപത സാമ്പത്തികമേഖലയിൽ ഏറെ വളർന്നുവെന്നതും ശ്രദ്ധേയമായ സംഗതിയാണ്. ഹെഡ്മാസ്റ്ററായിരുന്ന കാലം മുതൽതന്നെ സാമ്പത്തിക അച്ചടക്കം (Financial discipline) പിതാവിനുണ്ടായിരുന്നു. വളഞ്ഞ വഴിയിലൂടെ പണമുണ്ടാക്കാൻ ശ്രമിക്കാതെ ഉള്ള പണം ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമിച്ചിരുന്നുവെന്നു സഹപ്രവർത്തകർ പറയാറുണ്ട്. അദ്ധ്യാപകനിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും പ്രതിഫലം വാങ്ങുവാൻ പിതാവു അനുവദിച്ചിരുന്നില്ല.

കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടും കാരിത്താസ് ആശുപത്രിയും തറയിൽപിതാവിന്റെ ഭരണനേട്ടങ്ങൾക്കു തിളക്കം നല്കുന്ന സ്ഥാപനങ്ങളാണ്. സാധാരണക്കാരുടെ ജീവിതവുമായി ഇഴുകിച്ചേർന്നു അവരുടെ ഹൃദയങ്ങളിൽ വചനവിത്തു വിതയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. ഇതേ ജീവിതരീതി പിൻതുടരുന്ന സമൂഹങ്ങളെക്കുറിച്ചു വിശദമായി പഠിച്ചതിനുശേഷമാണ് ഈ ആശയം പിതാവു നടപ്പിലാക്കിയത്. ഇന്ത്യയിൽതന്നെ ആദ്യമായി സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടു ആരംഭിച്ചതു തറയിൽപിതാവാണ്. രൂപതയിൽ അനേകം യുവതികൾക്കു അന്നും ഇന്നും കാരിത്താസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രചോദനം നല്കുന്നു. ആതുരശുശ്രൂഷയെക്കുറിച്ചുള്ള പിതാവിന്റെ ചിന്തയുടെ സാക്ഷാത്ക്കാരമായിരുന്നു കാരിത്താസ് ആശുപത്രി. എളിയ രീതിയിൽ ആരംഭിച്ച ഈ ആതുരാലയം ഇന്നു കേരളത്തിലെ തലയെടുപ്പുള്ള ആശുപത്രികളിലൊന്നായി മാറി.

വേദനിക്കുന്നവരുടെ ഗദ്ഗദങ്ങൾ കേൾക്കാനുള്ള വിശാലഹൃദയം തറയിൽപിതാവിനുണ്ടായിരുന്നു. ഭവനനിർമ്മാണം, വിവാഹസഹായം, സമൂഹവിവാഹം, വൈദ്യസഹായം, സ്കോളർഷിപ്പ്പ്രോഗ്രാം തുടങ്ങിയ വിവിധ സാമൂഹിക പ്രവർത്തനങ്ങൾ പിതാവുതന്നെ മുൻകൈയെടുത്തു നടപ്പിലാക്കിയതു ഇതിന്റെ തെളിവുകളാണ്. 1964-ൽ പിതാവു തുടങ്ങിയ കെ.എസ്.എസ്.എസ്. അദ്ദേഹത്തിന്റെ സാധുജനസേവനത്തിന്റെ ഉത്തമോദാഹരണമാണ്. സമയം കിട്ടുമ്പോഴെല്ലാം അദ്ദേഹം ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലുമൊക്കെയെത്തി രോഗികളെ സന്ദർശിച്ചു അവരെ ആശ്വസിപ്പിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. താനുൾപ്പെടെ സാമ്പത്തിക വിഷമമുണ്ടായിരുന്ന പല വിദ്യാർത്ഥികൾക്കും ഫീസിളവും ഉച്ചഭക്ഷണവും നല്കാൻ ഹെഡ്മാസ്റ്ററായിരുന്ന തറയിലച്ചൻ മുൻകൈയെടുത്തിരുന്നുവെന്നു അഡ്വ. കുമരകം ശങ്കുണ്ണി മേനോൻ പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ ശിഷ്യത്വത്തിൽ പങ്കുചേർന്നതിലൂടെ ലഭിച്ച ആഴമേറിയ ബോദ്ധ്യമായിരുന്നു പിതാവിനെ എന്നും കൈപിടിച്ചു നയിച്ചിരുന്നത്.

പുനരൈക്യത്തിനായി തറയിൽ പിതാവു നടത്തിയ ആത്മാർത്ഥ ശ്രമങ്ങൾ ശ്രദ്ധേയമാണ്. മെത്രാനായി നിയമിതനാകുന്നതിനു മുമ്പു തന്നെ മലങ്കര റീത്തിന്റെ കീഴിലുള്ള മിഷൻ കേന്ദ്രങ്ങൾ പിതാവു സന്ദർശിക്കുമായിരുന്നു. 'പുനരൈക്യസഹായി' എന്നൊരു പുസ്തകം പിതാവു തയ്യാറാക്കുകയും വിതരണം ചെയ്യുകയുമുണ്ടായി. 'ദിവ്യകാരുണ്യമാസം' എന്ന പേരിൽ ഒരു പുസ്തകവും പിതാവു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇറ്റാലിയൻ ഭാഷയിൽനിന്നുള്ള വിവർത്തനമാണത്. വിവിധ സന്ദർഭങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഇടയലേഖനങ്ങളും തിരുഹൃദയമാസികയിൽ പ്രസിദ്ധം ചെയ്ത ലേഖനങ്ങളും പിതാവിന്റെ സർഗാത്മകതയ്ക്കും ആത്മീയവിഷയങ്ങളിലുള്ള അഗാധ പാണ്ഡിത്യത്തിനും തെളിവുകളാണ്.

മുൻഗാമികൾ തുടങ്ങിയ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും സ്ഥാപകരുടെ ലക്ഷ്യം ഉൾക്കൊണ്ടുകൊണ്ട് മുമ്പോട്ടു നയിക്കാൻ തറയിൽ പിതാവു ശ്രദ്ധിച്ചിരുന്നു. മലബാറിലേക്കു നടത്തിയ സംഘടിതകുടിയേറ്റത്തിനു ശക്തമായ നേതൃത്വമാണ് പിതാവു നല്കിയത്. കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ കുടിയേറ്റക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും സ്കൂളുകൾ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങൾ തുടങ്ങുവാനും പിതാവു മുൻകൈയെടുത്തു. തന്റെ മുൻഗാമി ആരംഭിച്ച തിരുഹൃദയദാസ സമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്കായി പിതാവു ആത്മാർത്ഥമായി ശ്രമിച്ചിരുന്നു. ഒപ്പം, വിസിറ്റേഷൻ, സെന്റ് ജോസഫ്സ് സമൂഹങ്ങളുടെ വളർച്ചയിൽ പിതാവു വഹിച്ച പങ്കു നിസ്തുലമാണ്.

രൂപതയിലെ യുവജനസംഘടനയായ കെ.സി.വൈ.എൽ-ന്റെ രൂപീകരണത്തിൽ തറയിൽ പിതാവു വഹിച്ച നിസ്തുലപങ്കു യുവജനസംഘടനകളുള്ള കാലത്തോളം സ്മരിക്കപ്പെടും. കേരളത്തിൽ രൂപതാതലത്തിൽ യുവജനസംഘടനകൾ ആരംഭിക്കുവാൻ പിതാവാണ് പ്രചോദനം നല്കിയത്. കഴിവും പ്രതിബദ്ധതയുമുള്ള യുവജനങ്ങളെ സമുദായത്തിലേക്കും സഭയിലേക്കും സജീവമായി കൊണ്ടുവന്നതിലൂടെ അനേകം നേതാക്കളെ രൂപതയ്ക്കു ലഭിച്ചു. മറ്റു രൂപതകൾക്കു അവ പ്രചോദനവുമായി. ഏഷ്യയിലെ ഏറ്റവും വലിയ പ്രേഷിതസംഘടനയായ മിഷൻ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

ലീഗിന്റെ തുടക്കത്തിനു തിരിതെളിച്ചതും തറയിൽ പിതാവായിരുന്നു.

അചഞ്ചലമായ ആത്മവിശ്വാസം പിതാവിനു എന്നും മുതല്ക്കൂട്ടായി ഉണ്ടായിരുന്നു. ഏതു വിഷമംപിടിച്ച പ്രശ്നങ്ങളെയും സമചിത്തതയോടും ധീരതയോടുംകൂടി പിതാവു കൈകാര്യം ചെയ്തിരുന്നു. 'He was a man of vision and mission' എന്ന് പിതാവിനെ വളരെ അടുത്തറിയാവുന്ന ഡോ. മാത്യു പാറയ്ക്കൽ പറഞ്ഞതു ഇവിടെ ഓർമ്മിക്കേണ്ടതാണ്. ജനങ്ങളെ എന്നും അദ്ദേഹം സ്നേഹിച്ചിരുന്നു; ജനങ്ങൾ അദ്ദേഹത്തെയും. ഇതിന്റെ പ്രകടമായ തെളിവാണ് 1970-ൽ ആഡംബരപൂർവ്വം നടത്തിയ അദ്ദേഹത്തിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷങ്ങൾ. സഭയ്ക്കും രാജ്യത്തിനും അദ്ദേഹം ചെയ്തിട്ടുള്ള നിസ്തുല സേവനങ്ങളുടെ വെളിച്ചത്തിൽ 'തിരുസിംഹാസന സഹായി' എന്ന സ്ഥാനം നല്കി പോൾ ആറാമൻ പാപ്പാ ഇദ്ദേഹത്തെ ബഹുമാനിച്ചു.

1967 ഡിസംബർ ഒമ്പതാം തീയതി മാർ കുര്യാക്കോസ് കുന്നശ്ശേരിൽ തിരുമേനിയെ പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായമെത്രാനായി രൂപതയ്ക്കു ലഭിച്ചു. യോഗ്യനായ പിൻഗാമിയെ ലഭിച്ചതിൽ അദ്ദേഹത്തിനു സന്തോഷവും അഭിമാനവുമുണ്ടായി. 1974 മെയ് അഞ്ചാംതീയതി തിരുസിംഹാസനത്തിന്റെ അനുവാദത്തോടെ രൂപതാഭരണത്തിൽനിന്നും വിരമിച്ച പിതാവ് പ്രാർത്ഥനയിലും വിശ്രമത്തിലും നാളുകൾ ചെലവഴിച്ചു. 1975 ജൂലൈ 26-ാം തീയതി കാരിത്താസ് ചാപ്ലിൻസ് ക്വാർട്ടേഴ്സിൽ തന്റെ പ്രിയ മക്കളായ കാരിത്താസ് ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളോടൊപ്പം ജപമാല ചൊല്ലിക്കൊണ്ടിരിക്കേ, പിൻഗാമിയായ കുന്നശ്ശേരിപ്പിതാവിൽനിന്നും അന്ത്യകൂദാശകൾ സ്വീകരിച്ചു തറയിൽ തിരുമേനി സ്വച്ഛന്ദമൃത്യു വരിച്ചു. കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ നടന്ന സംസ്കാരച്ചടങ്ങുകളിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു.

മൺമറഞ്ഞെങ്കിലും തറയിൽപിതാവിന്റെ ആത്മചൈതന്യം ഇന്നും കോട്ടയം രൂപതയ്ക്കും ക്നാനായ സമുദായത്തിനും പ്രചോദനം നല്കുന്നുന്നെ കാര്യത്തിൽ സംശയമില്ല. 'സുഹൃത്തും ഗുരുവും വഴികാട്ടി' (Friend, Philosopher and Guide) യുമായിരുന്നു അദ്ദേഹം. ഹൃദയംനിറഞ്ഞ ഭക്തി, തെളിമയുള്ള ആത്മജ്ഞാനം, അചഞ്ചലമായ ധർമ്മബോധം - പിതാവിന്റെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്ന ഈ സ്വഭാവസവിശേഷതകൾ നമുക്കും സ്വന്തമാക്കാം.

**-റവ. ഫാ. ജോസ് പൂത്തൃക്കയിൽ**

# മാർ കുര്യാക്കോസ് കുന്നശ്ശേരി

## സഭയെയും സമുദായത്തെയും ഒരുപോലെ സ്നേഹിച്ച ക്രാന്തദർശി



സഭാസ്നേഹം ആത്മാവിൽ അഗ്നിയായും സമുദായസ്നേഹം മനസ്സിൽ വികാരമായും കൊണ്ടു നടക്കുന്ന കർമ്മയോഗിയാണ് മാർ കുര്യാക്കോസ് കുന്നശ്ശേരി. 1968 ഫെബ്രുവരി 24-ാം തീയതി തിരുഹൃദയക്കുന്നിൽ നടന്ന മെത്രാഭിഷേക ശുശ്രൂഷയിലെ കുർബ്ബാന മദ്ധ്യേ കുന്നശ്ശേരി പിതാവ് വിശ്വാസികളോടു പറഞ്ഞു: 'ഇപ്പോൾ അർപ്പിക്കപ്പെടുന്ന ദിവ്യബലിയോടു ചേർത്തു ദൈവജനത്തിനു വേണ്ടി എന്നെത്തന്നെ ഒരു ഹോമബലിയായി അർപ്പിക്കുകയാണ്.' ഈ വാക്കുകൾ ജീവിതമായി മാറുകയായിരുന്നു. കോട്ടയം രൂപതയെയും ക്നാനായ സമുദായത്തെയും മൂന്നാം സഹസ്രാബ്ദത്തിലേക്കു കൈപിടിച്ചു നടത്തിയ പിതാവിന്റെ ജീവിതം പുതിയ തലമുറയ്ക്കു പ്രചോദനമായി മാറുമെന്നതിൽ സംശയമില്ല.

കടുത്തുരുത്തിയിലുള്ള പുരാതന പ്രശസ്തമായ കുന്നശ്ശേരിൽ കുടുംബത്തിലെ ജോസഫ് അന്നമ്മ ദമ്പതികളുടെ മൂത്ത മകനായി 1928 സെപ്റ്റംബർ 11-നു ഇദ്ദേഹം ജനിച്ചു. കോട്ടയം ഇടയ്ക്കാട്ടു സ്കൂളിലും സി.എൻ.ഐ സ്കൂളിലും കടുത്തുരുത്തി സെന്റ് മൈക്കിൾസ് മിഡിൽ സ്കൂളിലും പ്രാഥമിക വിദ്യാഭ്യാസവും തിരുഹൃ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ